കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC തീയതി: 23-11-2025

## <u>സർക്കുലർ</u>

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2025 - പോളിംഗ് സ്റ്റേഷനുകളുടെ സജ്ജീകരണം - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. കമ്മീഷന്റെ 11.11.2025-ലെ A2/116/2025-SEC നമ്പർ സർക്കുലർ.

2.കമ്മീഷന്റെ 15.11.2025-ലെ A2/116/2025-SEC നമ്പർ സർക്കുലർ.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് **<u>2025 ഡിസംബർ 09, 11</u>** തീയതികളിൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്ക് പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിക്കേണ്ടതുണ്ട്. അതിനാവശ്യമായ തുക സൂചനകൾ പ്രകാരം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി സെക്രട്ടറിമാർ ഇതിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അതുറപ്പുവരുത്തേണ്ടതുമാണ്. ആയത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പോളിംഗ് സ്റ്റേഷനുകളിലേയും അവയുടെ പരിസരത്തെയും എല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും ഹരിത ചട്ടം പാലിച്ചുകൊണ്ടാവണം നിർവഹിക്കേണ്ടത്.
2. ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ കൗൺസിൽ / മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലെ പോളിംഗ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ അവ നേരിട്ട് പരിശോധിച്ച് വൈദ്യുതി, കുടിവെള്ളം, ഫർണിച്ചർ, ടോയ് ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കണം.
3. പോളിംഗ് സ്റ്റേഷന് പുറത്ത് ക്യൂ നിൽക്കുന്ന വോട്ടർമാർക്ക് ഇരിക്കുന്നതിനായി ആവശ്യത്തിന് ബെഞ്ചുകളോ കസേരകളോ ഏർപ്പെടുത്തണം. അവിടെ ആവശ്യകതയനുസരിച്ച് തണൽ ലഭ്യമാക്കുന്നതിനായി ചെറിയ പന്തൽ പോലുള്ളവ ഒരുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.
4. പോളിംഗ് സ്റ്റേഷനുകളായി ഉപയോഗിക്കുന്ന കെട്ടിടത്തിൽ പ്രവേശിക്കുന്നതിന് റാമ്പ് സൗകര്യം ലഭ്യമല്ലായെങ്കിൽ നിർബന്ധമായി അവ താൽകാലിക അടിസ്ഥാനത്തിൽ സജ്ജമാക്കണം. മുതിർന്ന പൗരൻമാർക്കും ഭിന്നശേഷിക്കാർക്കും ആവശ്യമെങ്കിൽ അൽപ്പസമയം വിശ്രമിക്കാനുള്ള മുറിയോ മറ്റുസൗകര്യമോ പോളിംഗ് സ്റ്റേഷന് സമീപം ഏർപ്പെടുത്തേണ്ടതാണ്.

5. പോളിംഗ് സ്റ്റേഷനിൽ ആവശ്യമായ ലൈറ്റ്, ഫാൻ എന്നിവ ഏർപ്പെടുത്തുകയും തലേ ദിവസം എത്തുന്ന പോളിംഗ് ടീമിന് അവിടെ താമസിച്ച് പ്രാഥമിക കർമ്മങ്ങൾ നിർവഹിക്കാൻ കഴിയുന്ന വൃത്തിയുള്ള ടോയ്ലറ്റ്, കുളിമുറി, വെള്ളം എന്നിവ കെട്ടിടത്തിന്റെ ഉടമസ്ഥരുമായി ബന്ധപ്പെട്ടും മറ്റും ഏർപ്പെടുത്തണം.
6. പോളിംഗ് സ്റ്റേഷനിൽ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമല്ലായെങ്കിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയുടെ പ്രാദേശിക ഓഫീസുകളുമായി ബന്ധപ്പെട്ട് അവ ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. അത്തരത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ പോർട്ടബിൾ ടൈപ്പ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. അത്തരത്തിൽ പോളിംഗ് സ്റ്റേഷനിൽ തലേദിവസവും പോളിംഗ് ദിവസവും ആവശ്യത്തിനുള്ള വെളിച്ചം ലഭ്യമാണെന്ന് ഉറപ്പാക്കണം.
7. ഏതെങ്കിലും പോളിംഗ് സ്റ്റേഷനിൽ ടോയ്‌ലെറ്റ് സൗകര്യം ലഭ്യമല്ലായെങ്കിൽ അവ ലഭ്യമാക്കുന്നതിന് ഉചിത നടപടി സ്വീകരിക്കണം. അവ ലഭ്യമാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ അവ പരിസരത്തെ സ്ഥാപനങ്ങളിലോ, വീടുകളിലോ ലഭ്യമാക്കാൻ കഴിയുമോയെന്നും പരിശോധിക്കണം. കൂടാതെ പോളിങ് ഉദ്യോഗസ്ഥർക്കുള്ള ഭക്ഷണം കുടുംബശ്രീയുമായി ചേർന്ന് ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കണം.
8. വോട്ടെടുപ്പിന് രണ്ട് ദിവസം മുൻപ് തന്നെ റോഡുകളിൽ നിന്നും മാറി ഉൾപ്രദേശത്ത് സ്ഥിതി ചെയ്യുന്ന പോളിംഗ് സ്റ്റേഷനിലേക്കുള്ള വഴികളിലെ കാടുകൾ വെട്ടി വൃത്തിയാക്കേണ്ടതും, പോളിംഗ് സ്റ്റേഷനുകളും അവയുടെ പരിസരവും വൃത്തിയാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കേണ്ടതുമാണ്.
9. പോളിംഗ് ടീമുകൾ എത്തുമ്പോൾ പോളിംഗ് സ്റ്റേഷനും പരിസരവും വൃത്തിയുള്ളതായി കാണപ്പെടുകയും അപ്പോൾ തന്നെ അവർക്ക് പോളിങ് സ്റ്റേഷനുള്ളിൽ പ്രവേശിച്ച് വോട്ടെടുപ്പിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കാലേക്കൂട്ടി ഏർപ്പെടുത്തുകയും വേണം.
10. വോട്ടെടുപ്പ് ദിവസം പോളിംഗ് സ്റ്റേഷനുകളിലെ ഉപയോഗശൂന്യമായ പേപ്പറുകളും മറ്റ് പാഴ് വസ്തുക്കളും അതിനായി നൽകിയിട്ടുള്ള പേപ്പർ വേസ്റ്റ്ബാസ്കറ്റിൽ ശേഖരിച്ച് വയ്ക്കാനുള്ള നിർദേശം പോളിംഗ് ടീമുകൾക്കു നല്കണം.
11. പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പ് ദിവസവും അതിനുശേഷവും പഴയതും ഉപയോഗശൂന്യമായതുമായ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിനും ഹരിതചട്ടം പാലിച്ച് അവ നീക്കം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനുമുള്ള നടപടികൾ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.
12. പോളിംഗ് സ്റ്റേഷനുകളായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്വകാര്യ കെട്ടിടങ്ങളിലെ ചുമരുകളിൽ കമ്മീഷന്റെ നിർദ്ദേശാനുസരണം പതിക്കുന്ന പോസ്റ്ററുകളും ബോർഡുകളും മറ്റും വോട്ടെടുപ്പിന് ശേഷം നീക്കം ചെയ്ത് പോളിങ് സ്റ്റേഷനായി

പ്രവർത്തിച്ച മുറികളും പരിസരവും വൃത്തിയാക്കി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിനുള്ള ഏർപ്പാടുകൾ ബന്ധപ്പെട്ട സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

13. കാഴ്ച പരിമിതർ, അംഗപരിമിതർ, രോഗബാധിതർ, പ്രായമായവർ (senior citizen) എന്നിവർക്ക് ക്യൂ നിൽക്കാതെതന്നെ പോളിംഗ് സ്റ്റേഷനിൽ പ്രവേശിച്ച് വോട്ട് ചെയ്തു ഉടൻ മടങ്ങാവുന്നതാണ്. കൂടാതെ അന്ധതയുള്ളവരും, അവശരുമായ വോട്ടർമാർക്ക് വോട്ട് ചെയ്യുന്നതിന് പ്രായപൂർത്തിയായ ഒരാളുടെ സഹായം നിയമപരമായ വ്യവസ്ഥയും നടപടിക്രമവും പാലിച്ച് പ്രയോജനപ്പെടുത്താവുന്നതാണ്. വരണാധികാരികൾ ഇത് സംബന്ധിച്ച പ്രത്യേകമായ നിർദ്ദേശം പ്രിസൈഡിംഗ് ഓഫീസർമാർക്ക് നൽകേണ്ടതാണ്.

14. എല്ലാ പ്രവർത്തനങ്ങളിലും ഹരിതചട്ടം പാലിക്കേണ്ടതും ആവശ്യമെങ്കിൽ ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തുകയും വേണം.

Signed by
Prakash B S
Date: 23-11-2025 13:42:54

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടിമാർക്കും

എല്ലാ വരണാധികാരികൾക്കും, ഉപവരണാധികാരികൾക്കും

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ഉപ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ-റൂറൽ)
3. എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും (ഉപ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ-അർബൻ)
4. ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
5. ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
6. സെക്രട്ടറി, State Commissionerate for Persons with Disabilities, Thiruvananthapuram.
7. സ്റ്റാന്റിംഗ് കൗൺസിൽ
8. പി.ആർ.ഒ. സം.തി.ക
9. കമ്മീഷണറുടെ പി.എസ്
10. ഐ.ടി സെൽ

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )

e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in